സ.ഉ.(സാധാ) നം.3403/2023/H&FWD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം.3403/2023/H&FWD തീയതി,തിരുവനന്തപുരം, 28-12-2023

പരാമർശം:- 1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29-11-2023 തീയതിയിലെ ജെ 3/4716/2023/മെ.വി.വ നമ്പർ കത്ത്

2. ശ്രീമതി ബെറ്റി ആന്റണി, ശ്രീമതി സുമതി വി. പി എന്നിവരുടെ 01-12-2023 തീയതിയിലെ അപേക്ഷ

3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 04-12-2023 തീയതിയിലെ ജെ 3/4714/2023/മെ.വി.വ നമ്പർ കത്ത്

ഉത്തരവ്

കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ പീഡനത്തിനിരയായതായി പരാതിപ്പെട്ട രോഗിയെ സ്വാധീനിക്കാൻ ശ്രമിച്ചു എന്ന വിഷയം ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (മെഡിക്കൽ) അന്വേഷിക്കുകയും 25.08.2023- ൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. മെഡിക്കൽ കോളജ് ആശുപത്രിയിൽ ചീഫ് നേഴ്സിംഗ് ഓഫീസർ, നേഴ്സിംഗ് സൂപ്രണ്ട്, സീനിയർ നേഴ്സിംഗ് ഓഫീസർ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ നിരുത്തരവാദപരമായ സമീപനവും പരസ്പര വിശ്വാസം ഇല്ലാതെയുള്ള പ്രവർത്തനങ്ങളും ഏകോപനം ഇല്ലായ്മയുമാണ് ഇത്തരം അനഭിലഷണീയമായ സംഭവങ്ങൾക്ക് വഴിതെളിച്ചെതെന്ന് അന്വേഷണത്തിൽ കണ്ടെത്തുകയും ആയതിനാൽ ടി ജീവനക്കാരെ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ശിപാർശ ചെയ്തിരുന്നു.

2. അന്വേഷണ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചീഫ് നേഴ്സിംഗ് ഓഫീസർ, നേഴ്സിംഗ് സൂപ്രണ്ട് തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം 1, 3 കത്തുകൾ പ്രകാരം മെഡിക്കൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെയും ഈ വിഷയത്തിന്റെ ഗൗരവവും പരിഗണിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ട് ആയ ശ്രീമതി ബെറ്റി ആന്റണി -യെ കോന്നി മെഡിക്കൽ കോളേജിലേക്കും ചീഫ് നഴ്സിംഗ് ഓഫീസർ ആയ ശ്രീമതി സുമതി വി. പി -യെ തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിലേയ്ക്കും സ്ഥലം മാറ്റി നിയമിക്കുന്നു. ശ്രീമതി. സുമതി വി പി-യെ സ്ഥലം മാറ്റുന്നത് മൂലം കോഴിക്കോട് മെഡിക്കൽ കോളേജിൽ ചീഫ് നഴ്സിംഗ് ഓഫീസർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ

സ.ഉ.(സാധാ) നം.3403/2023/H&FWD

ആശുപത്രിയിൽ ചീഫ് നഴ്സിംഗ് ഓഫീസറായി ജോലി നോക്കുന്ന ശ്രീമതി അമ്പിളി ഭാസ്കരന് സ്ഥലം മാറ്റ നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം)
ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർക്ക് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ്: ബഹു. ആരോഗ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 30-12-2023 16:24:57
സെക്ഷൻ ഓഫീസർ